## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *233 05/05/2017-ൽ മറുപടിയ്ക്ക്

**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻറ് ഡെവലപ്മെൻറ് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ബാബു<br>" ജെയിംസ് മാത്യൂ<br>" ആന്റണി ജോൺ<br>" കെ. വി. വിജയദാസ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂൾ വിദ്യാഭ്യാസ കാലത്ത് സഹായിക്കുന്നതിനായി അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻറ് ഡെവലപ്മെൻറ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും എന്തെല്ലാം സഹായമാണ് ഈ പദ്ധതി വഴി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്; | (ബി) | അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനത്തിന് പുസ്തകങ്ങൾ, യൂണിഫോം, പഠന സാമഗ്രികൾ, ബാഗ്, കുട, ട്യൂഷൻ ഫീസ് എന്നീ ഇനത്തിൽ ധനസഹായം നല്കുന്നു. പുസ്തകങ്ങൾ, യൂണിഫോം, പഠന സാമഗ്രികൾ, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് ഓരോ അദ്ധ്യായന വർഷവും 1000/- രൂപ വീതവും സ്റ്റൈപ്പന്റായി പ്രതിമാസം 150/- രൂപ വീതം 10 മാസത്തേയ്ക്ക് ആകെ 1500/- രൂപയും നല്കുന്നു. പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണിച്ചർ വാങ്ങുന്നതിനും മറ്റുമായി 1000/- രൂപ (പദ്ധതി കാലയളവിൽ ഒരു പ്രാവശ്യം) നല്കി വരുന്നു. കണക്ക്, സയൻസ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ട്യൂഷൻ നല്കുന്നതിന് ഒരു വിഷയത്തിന് പ്രതിമാസം 80/- രൂപ നിരക്കിൽ ഒരു മാസത്തേയ്ക്ക് ആകെ 240/- രൂപ നല്കുന്നു. വിദ്യാർത്ഥികളെയും അവരുടെ |

| | | | |
|---|---|---|---|
| | | | രക്ഷിതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ ഒരു ഏകദിന ബോധവല്ക്കരണ സെമിനാർ സംഘടിപ്പിച്ചു വരുന്നു. സെമിനാറിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും യാത്രാപ്പടിയും ഉച്ചഭക്ഷണവും നല്കുന്നു. |
| **(സി)** | ഈ പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | **(സി)** | സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 4-ാം ക്ലാസ്സിൽ പഠിച്ചു വരുന്ന വിദ്യാർത്ഥികൾക്കായി (പട്ടികവർഗ്ഗ വികസന വകുപ്പിന്റെയോ, വകുപ്പ് ധനസഹായം നല്കുന്നതോ ആയ ഹോസ്റ്റലുകളിൽ താമസിക്കുന്നവർ ഒഴികെ) വാർഷിക പരീക്ഷയ്ക്ക് മുമ്പായി നടത്തുന്ന മത്സരപരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. രക്ഷകർത്താവിന്റെ വാർഷിക കുടുംബ വരുമാന പരിധി 50,000/- രൂപയാണ്. |
| **ഡി)** | വരുന്ന അദ്ധ്യായനവർഷം കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | **(ഡി)** | നിലവിൽ 5-ാം ക്ലാസ്സിൽ പ്രവേശനം നേടുന്ന 200 കുട്ടികളെയാണ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തു വരുന്നത്. എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ